# ദൈവകൃപയാൽ
# കുന്നംകുളം  ഭദ്രാസന മെത്രാപ്പോലീത്തായും
# അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം
# പ്രസിഡന്റുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്
# മെത്രാപ്പോലീത്തായിൽ നിന്ന്

Kalpana No. OCYM/01/26

**നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹവികാരിരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും, യുവജനപ്രസ്ഥാനം അംഗങ്ങളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.**

പ്രിയരെ,

ദൈവത്തിൽ ആശ്രയിച്ച് മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാനും, അതു ഉയർത്തുന്ന വെല്ലുവിളികൾക്ക് യുവജന സമൂഹത്തോടൊപ്പം നിന്ന് പരിഹാരം കാണാനും പരിശുദ്ധ സഭയുടെ യുവജനപ്രസ്ഥാനം എല്ലാ കാലത്തും പ്രഥമ പരിഗണന നൽകിയിട്ടുണ്ട്.

തൊഴിൽ അവസരങ്ങളുടെ കുറവും, വിദ്യാഭ്യാസത്തിന് അനുസൃതമായ ജോലി ലഭിക്കാത്തതും നമ്മുടെ യുവജനങ്ങളും അവരുടെ കുടുംബങ്ങളും ഇന്നത്തെ സാഹചര്യത്തിൽ നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്. ഇതിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ചർച്ചകളും പഠനങ്ങളും അടിസ്ഥാനമാക്കി ഒരു Entrepreneurship Development & Startup Incubation Project ആവിഷ്കരിക്കാൻ തീരുമാനിച്ച വിവരം പ്രസ്ഥാനം പ്രസിഡന്റ് എന്ന നിലയിൽ സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു.

നമ്മുടെ മക്കൾക്ക് നല്ല ആശയങ്ങൾ ഉള്ളത് മാത്രം മതി എന്നില്ല; അവയെ വിജയകരമായ സംരംഭങ്ങളാക്കി വളർത്തുവാൻ പിന്തുണയും പ്രോത്സാഹനവും ശരിയായ മാർഗ്ഗനിർദ്ദേശവും അനിവാര്യമാണ്. അത് ഉറപ്പാക്കുന്നതിനായി യുവജനപ്രസ്ഥാനം ഇനി ശക്തമായി ഒപ്പമുണ്ടാകും. ഈ പദ്ധതിയിലൂടെ അനേകം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, ജാതി-മത ഭേദമന്യേ നിരവധി യുവജനങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസമാകുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

ഈ ആശയം യുവജനപ്രസ്ഥാനത്തിന് മുൻപാകെ സമർപ്പിച്ച നമ്മുടെ കേന്ദ്ര അസംബ്ലി അംഗം അബി ഏബ്രഹാം കോശിക്കാണ് പദ്ധതിയുടെ ചുമതല നൽകിയിരിക്കുന്നത്. കേന്ദ്ര ഭാരവാഹികളും കേന്ദ്ര സമിതിയും ചേർന്ന് നമ്മുടെ കേന്ദ്ര സമിതി അംഗം ജോജി ജേക്കബ് പദ്ധതി ഏകോപിപ്പിക്കും.

പുതുകാലത്തിന്റെ പുതുചുവടുവെയ്പ്പായ ഈ പദ്ധതിയുടെ ഗൗരവവും കാലിക പ്രസക്തിയും അനിവാര്യതയും മനസ്സിലാക്കി എല്ലാവരും പ്രാർത്ഥനകളോടും നിർദേശങ്ങളോടും സഹകരണത്തോടും കൂടെ ഒപ്പമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ,

**സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും**

**കാവൽപിതാവുമായ ച, മാർതോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ എല്ലാ പൂർവ്വ പിതാക്കന്മാരുടെയും വാങ്ങിപ്പോയവരുടെയും പ്രാർത്ഥനയാലും മദ്ധ്യസ്ഥതയാലും തന്നെ.**

ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ ബലഹീനനായ

ദൈവകൃപയാൽ, **ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്താ**

(യുവജനപ്രസ്ഥാനം പ്രസിഡണ്ട്)

ദേവലോകം അരമന, കോട്ടയം
2026 ഫെബ്രുവരി മാസം 27-ാം തീയതി